

# സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ



## 14. ഭാഷയിലെ വിപ്ലവം

സമ്പൂർണ്ണകൃതികൾ: ഭാഗം VII

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം

14 ഭാഷയിലെ വിപ്ലവം . . . . . . . . . . . . . . . . . . . . . . 1

# 14

## ഭാഷയിലെ വിപ്ലവം

'നവയുഗം' 4-ാം ലക്കത്തിലെ സാഹിത്യപംക്തിയിൽ, "സാമൂഹ്യപരിവർത്തനങ്ങളെന്തൊക്കെയുണ്ടായാലും ഭാഷ പറയത്തക്ക മാറ്റങ്ങളൊന്നും കൂടാതെ വളരെക്കാലം നിലനിൽക്കുന്നു" എന്നു ഞാൻ ഉദാഹരണസഹിതം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന്റെ അർത്ഥം, മി. എൻ.വി. പോൾ തെറ്റിദ്ധരിച്ചിട്ടുള്ളതുപോലെ, (കഴിഞ്ഞ ലക്കത്തിലെ "ഭാഷയുടെ മാർക്സിസ്റ്റ്വീക്ഷണം ശരിയോ" എന്ന ലേഖനം നോക്കുക) "ഭാഷയിൽമാറ്റങ്ങളുണ്ടാക്കുന്നില്ല", എന്നല്ല. "പറയത്തക്ക മാറ്റങ്ങളൊന്നും കൂടാതെ വളരെക്കാലം നിലനിൽക്കുന്നു" എന്നതിന്റെ അർത്ഥം "ഒരിക്കലും യാതൊരു മാറ്റവും ഉണ്ടാകുന്നില്ല" എന്നല്ല. സമുദായത്തിലും പ്രകൃതിയിലുമെന്നപോലെ ഭാഷയിലും മാറ്റങ്ങളുണ്ടാകാറുണ്ട്. വിപ്ലവങ്ങൾതന്നെയുണ്ടാകാറുണ്ട്. പക്ഷേ, ഭാഷയിൽ വിപ്ലവമുണ്ടാകുന്നത് സാമൂഹ്യവിപ്ലവങ്ങളെപ്പോലെയോ പ്രകൃതിയിലെ വിപ്ലവങ്ങളെപ്പോലെയോ പെട്ടെന്നല്ല; നീണ്ട കാലം കൊണ്ടാണ്, ചിലപ്പോൾ നൂറ്റാണ്ടുകൾ കൊണ്ടാണ്.

കരിയാട്ടിൽ മെത്രാന്റെ 'യാത്രാവിവരണ'ത്തിലെ ഭാഷയും ഇന്നത്തെ സാഹിത്യകാരന്മാരുടെ ഭാഷയും തമ്മിൽ വലിയ അന്തരമുണ്ടെന്ന് മി. പോൾ ചൂണ്ടിക്കാണിക്കുന്നു. വളരെ ശരിയാണ്. മലയാളഭാഷക്കു പല മാറ്റങ്ങളുമുണ്ടായിട്ടുണ്ട്. മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. പുതിയ പുതിയ വാക്കുകളും പുതിയ പുതിയ പ്രയോഗങ്ങളും പുതിയ പുതിയ ശൈലികളും ആവിർഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. പദാവലിയിൽ മാത്രമല്ല, വ്യാകരണത്തിൽത്തന്നെയും മാറ്റങ്ങളുണ്ടാകുന്നുണ്ട്. "രാജരാജവർമ്മയുടെ 'സാഹിത്യസാഹ്യ'ത്തിൽനിന്നും പലതിലും പുരോഗമനാത്മകമായ, വിഭിന്നമായ, ഒന്നാണ് കുട്ടികൃഷ്ണമാരാരുടെ 'മലയാളശൈലി'യും മറ്റും" എന്ന പോളിന്റെ അഭിപ്രായം തികച്ചും ശരിയാണ്. "ഭാഷയിൽ, പ്രത്യേകിച്ച് അതിന്റെ പദസമ്പത്തിൽ മിക്കവാറും നിരന്തരമായ മാറ്റങ്ങൾ നടക്കുന്നു"ണ്ടെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് സ്റ്റാലിൻ പറയുന്നു:

> "തുടർച്ചയായി വികസിച്ചുകൊണ്ടിരിക്കുന്ന വ്യവസായം, കൃഷി, കച്ചവടം, ഗതാഗതം, സാങ്കേതികജ്ഞാനം, ശാസ്ത്രം എന്നിവയുടെ ആവശ്യം, തങ്ങളുടെ പ്രവൃത്തിക്ക് അത്യന്താപേക്ഷിതമായ നവീനപദങ്ങളും ചൊല്ലുകളും ചേർത്തു ഭാഷ അതിന്റെ പദസമ്പത്ത് വർദ്ധിപ്പിക്കണം എന്നാണ്. ഭാഷ ഈ ആവശ്യങ്ങളെ നേരിട്ടു പ്രതിഫലിപ്പിച്ചുകൊണ്ട് പദസമ്പത്തു കനപ്പിക്കുകയും വ്യാകരണവ്യവസ്ഥയെ കൂടുതൽ പൂർണ്ണമാക്കുകയും ചെയ്യുന്നു".

വീണ്ടും,

> "ആധുനികഭാഷയുടെ മൂലഘടകങ്ങൾ അടിമത്തത്തിന്നു മുമ്പുള്ള അതിപ്രാചീനകാലത്തെ ഭാഷയിലോളം പിന്നോട്ടു നീണ്ടുകിടക്കുന്നുണ്ടെന്നു അഭ്യൂഹിക്കുന്നതിൽ തെറ്റില്ല. അന്നത്തെ ഭാഷ അത്ര സങ്കീർണ്ണമായിരുന്നില്ല; അതിന്റെ പദസമ്പത്ത് വളരെ പരിമിതവുമായിരുന്നു. എന്നാൽ പ്രാകൃതമായതെങ്കിലും സ്വന്തമായ വ്യാകരണഘടന അതിനും ഉണ്ടായിരുന്നു. പിന്നീട് ഉല്പാദനത്തിലുണ്ടായ വളർച്ച, വർഗ്ഗങ്ങളുടേയും വരമൊഴിയുടേയും ആവിർഭാവം, ഭരണകാര്യങ്ങൾക്ക് ഏറെക്കുറെ സംഘടിതമായ എഴുത്തുകുത്തുസമ്പ്രദായം നടപ്പാക്കാനിടയാക്കിയ വ്യാപാരഭിവൃദ്ധി, അച്ചടിയന്ത്രത്തിന്റെ പ്രചാരം, സാഹിത്യത്തിന്റെ ഉയർച്ച എന്നിവയെല്ലാം ഭാഷയുടെ വളർച്ചയിൽ വലിയ മാറ്റങ്ങൾക്കിടയാക്കി".
>
> — (മാർക്സിസവും ഭാഷാശാസ്ത്രവും, പേജ് 26)

മെല്ലെമെല്ലെയാണ് മാറ്റങ്ങളുണ്ടാകുന്നത്. ഏതാനും ചില പുതിയ വാക്കുകൾ കൂടിച്ചേരുമ്പോഴേക്കും ഭാഷയിൽ പറയത്തക്ക മാറ്റമൊന്നുമുണ്ടാവില്ല. പക്ഷേ, നീണ്ടകാലത്തെ തുടർച്ചയായ മാറ്റങ്ങളുടെ ഫലമായി, പുതിയതു പലതും കൂടിച്ചേരുകയും പഴയതു പലതും ലുപ്തപ്രചാരങ്ങളായിത്തീരുകയും ചെയ്യുന്നതിന്റെ ഫലമായി, വളർച്ചയുടെ ഒരു ഘട്ടമെത്തിയാൽ പഴയതിൽനിന്നു തികച്ചും വ്യത്യസ്തമായ സ്വഭാവവിശേഷങ്ങളോടുകൂടിയ പുതിയൊരു ഭാഷയായി അതു രൂപാന്തരപ്പെടുന്നു.

ഭാഷയുടെ ചരിത്രത്തിൽ പെട്ടെന്നുള്ള പൊട്ടിത്തെറിയിലൂടെയുള്ള, വിപ്ലവങ്ങളില്ല. പതനം പതനമായി വളരുകയെന്ന സിദ്ധാന്തമനുസരിച്ചാണ് പഴയ ഭാഷ പുതിയഭാഷയായി രൂപാന്തരപ്പെടുന്നത്. സ്റ്റാലിൻ വ്യക്തമാക്കുന്നതുപോലെ, "പെട്ടെന്നുള്ള പൊട്ടിത്തെറിയിലൂടെയല്ല, നിലവിലുള്ള ഭാഷയെ നശിപ്പിക്കുകയും പുതിയതു സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെയല്ല, പ്രത്യുത പുതിയ ഗുണത്തിന്റെ ഘടകങ്ങൾ ക്രമത്തിൽ മാഞ്ഞുപോവുകയും ചെയ്യുന്നതിലൂടെയാണ് പഴയ ഗുണത്തിൽനിന്നു പുതിയതിലേക്കുള്ള ഭാഷയുടെ മാറ്റം സംഭവിക്കുന്നത്". (പേജ് 28)

ഒരു നൂറ്റാണ്ടിന്നു മുമ്പ് ജീവിച്ചിരുന്ന പുഷ്കിന്റെ കാലത്തെ റഷ്യൻഭാഷയും ഇന്നത്തെ റഷ്യൻ ഭാഷയും തമ്മിലുള്ള വ്യത്യാസങ്ങളെന്തെന്നു സ്റ്റാലിൻ പരിശോധിക്കുന്നു. പുഷ്കിന്റെ കാലത്തിന്നു ശേഷം റഷ്യയിൽ പല സാമൂഹ്യ പരിവർത്തനങ്ങളുമുണ്ടായി. നാടുവാഴിവ്യവസ്ഥ നാമാവശേഷമായി, മുതലാളിത്ത വ്യവസ്ഥ നശിക്കുകയും സോഷ്യലിസ്റ്റ് വ്യവസ്ഥ ഉയർന്നു വരികയും ചെയ്തു. എന്നാൽ, ഈ കാലത്തിനിടയ്ക്ക് റഷ്യൻഭാഷയ്ക്കു വന്ന മാറ്റങ്ങളെന്താണ്?

"അതിന്റെ പദസമ്പത്തു സാരമായി വർദ്ധിച്ചു; പഴകി നിരുപയോഗമായിത്തീർന്ന ഒട്ടേറെ വാക്കുകൾ അതിൽനിന്നു കൊഴിഞ്ഞുപോയി; ഒട്ടേറെ വാക്കുകളുടെ അർത്ഥം മാറി വ്യാകരണവ്യവസ്ഥ കൂടുതൽ നന്നാവുകയും ചെയ്തു.

എന്നാൽ, പുഷ്കിന്റെ ഭാഷയുടെ ആഭ്യന്തരഘടനയും വ്യാകരണവും മൌലികപദാവലിയുമാകട്ടെ, പ്രധാനാംശങ്ങളിലെല്ലാം ഇന്നത്തെ റഷ്യൻഭാഷയുടേയും അടിസ്ഥാനമായി നിലനിന്നു വരുന്നു". (പേജ് 6)

ഇതു തന്നെയാണ് മലയാള ഭാഷയുടെ സ്ഥിതി. തുഞ്ചത്തെഴുത്തച്ഛന്റെ കാലം മുതൽക്ക് ഇന്നേവരെയുള്ള ചരിത്രം പരിശോധിച്ചാൽ മലയാള ഭാഷയ്ക്കു പല മാറ്റങ്ങളുമുണ്ടായിട്ടുണ്ടെന്നു കാണാം. പക്ഷേ, അന്നത്തെ ഭാഷയുടെ ആഭ്യന്തരഘടനയും വ്യാകരണവും മൗലീകപദാവലിയും പ്രധാനാംശങ്ങളിൽ ഇന്നത്തെ മലയാള ഭാഷയുടെ അടിസ്ഥാനമായി നിലനിന്നു വരുന്നു.

സാഹിത്യം, കല, തത്വശാസ്ത്രം, നിയമസംഹിത തുടങ്ങിയ 'ഉപരിഘടനകളു'ടെ സ്ഥിതി ഇതല്ല. സാമ്പത്തികവ്യവസ്ഥ മാറുമ്പോൾ അവയും മാറുന്നു. മുതലാളിത്വത്തിന്റെ ആശയസംഹിതകളും രാഷ്ട്രീയ സ്ഥാപനങ്ങളും മറ്റും നാടുവാഴിവ്യവസ്ഥയുടേതിൽ നിന്നു വ്യത്യസ്തമാണ്. മുതലാളിത്തം നശിപ്പിക്കപ്പെടുകയും സോഷ്യലിസം സ്ഥാപിക്കപ്പെടുകയും ചെയ്യുമ്പോൾ മുതലാളിത്തത്തിന്റേതായ ആശയങ്ങളുടേയും സാഹിത്യങ്ങളുടേയും സ്ഥാനത്ത് സോഷ്യലിസത്തിന്റേതായ ആശയങ്ങളും സ്ഥപനങ്ങളും പൊന്തിവരുന്നതുകാണാം. മുതലാളിത്തത്തിന്റെ സാഹിത്യവും സോഷ്യലിസത്തിന്റെ സാഹിത്യവുമുണ്ട്. പക്ഷേ, മുതലാളിത്തഭാഷയെന്നും സോഷ്യലിസ്റ്റ് ഭാഷയെന്നും രണ്ടുതരം ഭാഷകളില്ല. പുതിയ എഴുത്തുകാരിൽ ചിലർ ഉപയോഗിക്കുന്ന ഭാഷ ഉജ്ജ്വലവും ലളിതവുമാണെന്നു സമ്മതിക്കാം. പക്ഷേ, പിന്തിരിപ്പന്മാരും ചിലപ്പോൾ ലളിതമായ ഭാഷ ഉപയോഗിക്കാറില്ലേ? കേശവദേവിനെപ്പറ്റി നിങ്ങളെന്തു പറയുന്നു? ലളിതമായ ഒരു ഭാഷ ഉപയോഗിച്ചുകൊണ്ടല്ലേ അദ്ദേഹം പുരോഗമന പ്രസ്ഥാനങ്ങളുടേയും നേരെ മേക്കിട്ടു കയറുന്നത്? അതുകൊണ്ട് തൊഴിലാളി വർഗ്ഗത്തിന്റെ എല്ലാ പ്രതിനിധികളും ഉപയോഗിക്കുന്ന ഭാഷ നല്ലതാണെന്നു നേരെമറിച്ച് തൊഴിലാളി വർഗ്ഗത്തിന്റെ എല്ലാ ശത്രുക്കളും ഉപയോഗിക്കുന്ന ഭാഷ മോശമാണെന്നുമുള്ള മി. പോളിന്റെ അഭിപ്രായം ശരിയല്ല.

അതുകൊണ്ടാണ് സഖാവ് സ്റ്റാലിൻ പറയുന്നത്:

> "ഒരു പ്രത്യേക സമുദായത്തിലുള്ള പഴയതോ പുതിയതോ ആയ എതെങ്കിലുമൊരു അടിത്തറയിൽ നിന്നല്ല, അനവധി നൂറ്റാണ്ടുകളിലായി നീണ്ടുകിടക്കുന്ന സമുദായത്തിന്റെയും അടിത്തറകളുടേയും ഒട്ടാകെയുള്ള ചരിത്രത്തിൽ നിന്നാണ് ഭാഷ ഉടലെടുക്കുന്നത്. ഒരു വർഗ്ഗമൊറ്റയ്ക്കല്ല, സമുദായമൊട്ടാകെ, എല്ലാ വർഗ്ഗങ്ങളും കൂടിയാണ്, നൂറു നൂറു തലമുറകളുടെ പരിശ്രമങ്ങളാണ് അതിനെ സൃഷ്ടിച്ചത്. ഒരു പ്രത്യേക വർഗ്ഗത്തിന്റെയല്ല, സമുദായത്തിന്റെ മുഴുവൻ, എല്ലാ വർഗ്ഗങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റാനാണ് അതു സൃഷ്ടിക്കപ്പെട്ടത്...പഴകി നശിച്ചുകൊണ്ടിരിക്കുന്നതും പുതിയതായി വളർന്നുകൊണ്ടിരിക്കുന്നതുമായ വ്യവസ്ഥകളേയും മർദ്ദിതരേയും മർദ്ദകരേയും ഒരുപോലെ സേവിക്കാൻ ഭാഷയ്ക്കു കഴിയുന്നതെങ്ങിനെയാണെന്നു കൂടി ഇതു വിശദീകരിക്കുന്നു".

ഇത്രയും കൊണ്ടു മി. പോളിന്റെ സംശയം തീരുമെന്നു വിശ്വസിക്കുന്നു. കൂടുതൽ വ്യക്തത കിട്ടാൻവേണ്ടി അദ്ദേഹം സഖാവ് സ്റ്റാലിന്റെ 'മാർക്സിസവും ഭാഷാശാസ്ത്രവും' എന്ന പുസ്തകം ഒന്നു വായിച്ചു നോക്കണമെന്നുകൂടി എനിയ്ക്കഭിപ്രായമുണ്ട്.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 7

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. എന്താണ് സാഹിത്യം
2. സാഹിത്യ നിരൂപണം
3. സാഹിത്യത്തിലെ മാർക്സിയൻ വീക്ഷണം
4. പുരോഗമന സാഹിത്യം എന്ത്? എന്തിന്?
5. ജീവത്സാഹിത്യവും പുരോഗമന സാഹിത്യവും ചരിത്രപരമായൊരവലോകനം
6. പുരോഗമനസാഹിത്യസംഘടനയുടെ തകർച്ച: കാരണങ്ങളെക്കുറിച്ച് ഒരിക്കൽക്കൂടി
7. അസ്വസ്ഥതയുടെ സാഹിത്യം
8. മലയാളസാഹിത്യത്തിന്റെ ഭാവി
9. വിചാരവിപ്ലവം
10. പാട്ടബാക്കി
11. ‘പാട്ടബാക്കി’യെപ്പറ്റി
12. ഭാഷയും സാഹിത്യവും
13. മലയാളഭാഷയുടെ ഉത്ഭവം
14. ഭാഷയിലെ വിപ്ലവം
15. കവിതയുടെ ഭാവി–മലയാളത്തിൽ
16. ഫോർമലിസം തലപൊക്കുന്നു
17. രാഷ്ട്രഭാഷ എന്തായിരിക്കണം?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014